## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4001

25.06.2018 ലെ മറുപടിയ്ക്ക്

### പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ

| ചോദ്യം<br>ശ്രീ. പി. കെ. ബഷീർ | | ഉത്തരം<br>ശ്രീ. എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | ഈ സർക്കാർ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായത്തിന്റെ ക്ഷേമത്തിന് വേണ്ടി എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) & (ബി) | ഈ സർക്കാർ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>പട്ടികജാതി വിഭാഗങ്ങൾക്കായി പുതുതായി നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 7000 ത്തോളം ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് എല്ലാ പഠനസൗകര്യങ്ങളോടുംകൂടിയ ഒരു മുറി അവരുടെ വീടിനോട് ചേർന്ന് നിർമ്മിക്കുന്നതിനുള്ള പഠനമുറി എന്ന പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. |
| (ബി) | എങ്കിൽ പദ്ധതികൾ ഏതെല്ലാമാണെന്നും പ്രസ്തുത പദ്ധതികൾ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | | 2. പട്ടികജാതി വിഭാകത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ജനനം മുതൽ സുരക്ഷ നൽകുന്നതിനും അവരുടെ സമഗ്ര വികസനത്തിനുമായിട്ടുള്ള ഇൻഷുറൻസ് ലിങ്ക്ഡ് പദ്ധതിയായ വാത്സല്യനിധി പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>3. M.Sc Electronics,B.Arch,M.Phil,Ph.D എന്നീ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കൂടി ലാപ് ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>4. പട്ടികജാതി വകുപ്പിന് കീഴിലുള്ള 44 ഐ.റ്റി.ഐ.കളിലെ വിദ്യാർത്ഥികൾക്ക് പോഷകാഹാരം നൽകുന്നതിന്റെ ഭാഗമായി രാവിലെ ഒരു മുട്ടയും ഒരു ഗ്ലാസ്സ് പാലും നൽകുന്നതിനുള്ള പദ്ധതിയും ഉച്ചഭക്ഷണം നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. |

5. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. സാങ്കേതിക വൈദഗ്ദ്ധ്യം നേടിയവർക്കായി ജോബ് ഫെയർ ആരംഭിച്ചു.

7. 40 ഓ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന കോളനികളുടെ വികസനത്തിന് അംബേദ്കർ ഗ്രാമപദ്ധതി ആരംഭിച്ചു.

സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി തുടർ പദ്ധതികൾക്കു പുറമെ നടപ്പിലാക്കിവരുന്ന പുതിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

**1. <u>സാമൂഹിക പഠനമുറി - (2017-18) 6.21 കോടി രൂപ</u>**

പട്ടിക വർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ സാമൂഹിക പഠനമുറി പ്രവർത്തിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഉപദേശകനായോ ട്യൂട്ടറായോ പ്രവർത്തിക്കുന്നതിന് ഒരു യുവ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളെ (ആണോ/ പെണ്ണോ) തെരഞ്ഞെടുത്ത് മാസം തോറും 15,000 രൂപ ഓണറേറിയം വ്യവസ്ഥയിൽ പരിശീലനം നൽകി നിയോഗിച്ചുവരുന്നു. ഇതിനായി 100 സാമൂഹ്യ പഠനമുറികൾ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ ജില്ലതിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

| | |
|---|---|
| കാസർഗോഡ് | 5 |
| കണ്ണൂർ | 5 |
| വയനാട് | 25 |
| കോഴിക്കോട് | 3 |
| മലപ്പുറം | 7 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 25 |
| എറണാകുളം | 3 |
| ഇടുക്കി | 15 |
| പത്തനംതിട്ട | 3 |
| കൊല്ലം | 2 |

| | |
|---|---|
| തിരുവനന്തപുരം | 5 |
| **ആകെ** | **100** |

78 പഠനമുറികളുടെ എല്ലാ സജ്ജീകരണങ്ങളും പൂർത്തീകരിച്ച് പ്രവർത്തനക്ഷമമായിട്ടുണ്ട്. മറ്റുള്ളവ പൂർത്തീകരണ ഘട്ടത്തിലാണ്. ഈ സ്ഥാപനങ്ങളിൽ പശ്ചാത്തല സംവിധാനം ഒരുക്കുന്നതിന് 6.21 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.100 പഠന മുറികൾക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ട്യൂട്ടർമാരെ നിയമിച്ചിട്ടുണ്ട്.

**2. ഗോത്രബന്ധു- (2017-18-4.00 കോടി രൂപ), (2018-19 4.40 കോടി രൂപ)**

സംസ്ഥാനത്തെ പ്രൈമറി ക്ലാസുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 1 മുതൽ 4-ാം ക്ലാസുവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്ത വിദ്യർക്ക് തൊഴിൽ എന്നിവ ലക്ഷ്യം വച്ചുകൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ടി.ടി.സി/.ബി.എഡ്/ഡി.എഡ് പാസ്സായ അഭ്യസ്തവിദ്യരിൽ നിന്നും തെരഞ്ഞെടുക്കുന്നവരെ ദിവസ വേതനാടിസ്ഥാനത്തിൽ അധ്യാപകരായി നിയമിക്കുന്ന പദ്ധതിയാണ് **"ഗോത്രബന്ധു പദ്ധതി"**

വയനാട് ജില്ലയിലെ വൈത്തിരി , മാനന്തവാടി, സുൽത്താൻബത്തേരി താലൂക്കുകളിലായി 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ടി.ടി.സി./ബി.എഡ്/ഡി.എഡ് പാസ്സായ പട്ടികവർഗ്ഗക്കാരിൽ നിന്നും അഭിമുഖത്തിലൂടെ തെരഞ്ഞെടുക്കപ്പെട്ടവരെ മെൻറർ ടീച്ചർമാരായി നിയമിച്ചിട്ടുണ്ട്.

കൂടാതെ പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ 26 സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ 2018-19 അധ്യയനവർഷം മുതൽ ഗോത്രബന്ധു പദ്ധതി പ്രകാരം മെൻറർ ടീച്ചർമാരെ നിയമിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

**3. അംബേദ്കർ സെറ്റിൽമെൻറ് ഡെവലപ്മെൻറ് സ്കീം**

**എ) അടിസ്ഥാനസൗകര്യങ്ങൾ**

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ അംബേദ്കർ സെറ്റിൽമെൻറ് പദ്ധതിയിൽ

ഉൾപ്പെടുത്തുന്നതിലേക്കായി അടിസ്ഥാന സൗകര്യങ്ങളിൽ പിന്നാക്ക അവസ്ഥയിലുള്ള കോളനികളുടെ വിവരങ്ങൾ ജില്ലാതലത്തിൽ നിന്നും ശേഖരിച്ചതിനെ തുടർന്ന് അടിസ്ഥാന സൗകര്യങ്ങളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന 101 സങ്കേതങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്ത ഏജൻസികൾ മുഖേന ഡി.പി.ആർ തയ്യാറാക്കി വരുന്നു. ഇപ്രകാരം തയ്യാറാക്കിയ 76 കോളനികളിലെ ഡി.പി.ആർ ലഭിച്ചു. ഇതിൽ 34 കോളനികൾക്കുള്ള മൊബിലൈസേഷൻ തുക അനുവദിച്ചു നൽകിയിട്ടുണ്ട്. 7 കോളനികളിലെ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്.

**ബി) <u>എം.ജി.എൻ.ആർ.ഇ.ജി.എസ്- തൊഴിലിനുള്ള വേതനം</u>**

**എം.ജി.എൻ.ആർ.ഇ.ജി.എസ്.കേരള ട്രൈബൽ പ്ലസ് :**

എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടിക വർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾകൂടി ലഭ്യമാക്കുന്ന പദ്ധതി സർക്കാർ നടപ്പിലാക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പ്,പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവ സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുക. ഇതിനായി എം.ജി.എൻ.ആർ.ഇ.ജി.എസ് സംസ്ഥാന മിഷന് 12.40 കോടി രൂപ സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്. .

**എം.ജി.എൻ.ആർ.ഇ.ജി.എ ദിവസവും വേതനം നൽകുന്നതിനുള്ള വകുപ്പിന്റെ കോർപ്പസ് ഫണ്ട്**

തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലെടുത്ത് വരുന്ന പട്ടികവർഗക്കാർക്ക് കാലവിളംബം കൂടാതെ വേതനം ലഭ്യമാക്കുന്നതിന് 11.13 കോടി രൂപ റിവോൾവിംഗ് ഫണ്ടായി എം.ജി.എൻ. ആർ.ഇ.ജി.എസ് സംസ്ഥാന മിഷന് സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്.

**സി) <u>പി.കെ.കാളൻ കുടുംബസഹായ പദ്ധതി 2017-18-5.06 കോടി)</u> :-**

പി.കെ.കാളൻ കുടുംബസഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ചിന്നിചിതറി താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ട്. കുടുംബാധിഷ്ഠിത മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിന് കുടുംബശ്രീ മിഷനെയാണ് ഇതിനായി സർക്കാർ

നിയോഗിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ ആലപ്പുഴ നിയോജക മണ്ഡലത്തിലെ ഉള്ളാട സമുദായങ്ങൾക്കായി രൂപീകരിച്ച 5.06 കോടി രൂപയുടെ മൈക്രോ പ്ലാനുകൾ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അത് പ്രകാരം ടി തുക കുടുംബശ്രീ സംസ്ഥാന മിഷന് അനുവദിച്ച് നൽകി പദ്ധതി നടപ്പിലാക്കി വരുന്നു. പാലക്കാട് ജില്ലയിലെ മലമ്പുഴ പഞ്ചായത്തിലെ ചിന്നിചിതറി താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കായുള്ള കുടുംബാധിഷ്ഠിത മൈക്രോ പ്ലാനുകൾ പൂർത്തീകരിച്ചു . എല്ലാ ജില്ലകളിലും മൈക്രോ പ്ലാനുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നു.

**4. ഗോത്രവാത്സല്യനിധി**

പട്ടികവർഗ്ഗവിഭാഗത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനിയായ എൽ.ഐ.സി.യുമായി സഹകരിച്ച് ഗോത്ര വാത്സല്യനിധി എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ 2017 ഏപ്രിൽ 1 ന് ശേഷം ജനിച്ച 800 പെൺ കുട്ടികളെ തെരഞ്ഞെടുത്ത് 2 .00 കോടി രൂപ എൽ.ഐ.സി. ഓഫ് ഇന്ത്യ എന്ന സ്ഥാപനത്തിന് അനുവദിച്ചു നൽകിയിട്ടുണ്ട്.

**5.** പാലക്കാട് ജില്ലയിലെ പട്ടികവർഗ വിഭാഗത്തിലെ തൊഴിലില്ലാത്ത സ്ത്രീകളെ കണ്ടെത്തി വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകി സ്വയം തൊഴിൽ നൽകുന്ന അപ്പാരൽ പാർക്ക് എന്ന സംരംഭം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനായി 250 പട്ടികവർഗ്ഗ യുവതികളെ തെരഞ്ഞെടുത്ത് പരിശീലനം നൽകുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഈ സംരംഭത്തിലൂടെ സ്വയം തൊഴിലിനു വരുമാനത്തോടൊപ്പം സ്ത്രീശാക്തീകരണവും ലക്ഷ്യമിടുന്നു.

6. പട്ടികവർഗ യുവതീ യുവാക്കൾക്ക് ഐറ്റി മേഖലയിൽ പരിശീലനം നൽകി അവർക്ക് തൊഴിൽ ഉറപ്പു വരുത്തുന്നതിനായി സെൻറർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**7.** വയനാട് ഗോത്ര ഭാഷാ പഠന കേന്ദ്രം - പദ്ധതി ആരം ഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

**8.** ആരോഗ്യ വിദ്യാഭ്യാസ പരിപാടി തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ സങ്കേതങ്ങളിൽ ലഹരിവിരുദ്ധ പ്രചാരണ

പരിപാടികൾ സംഘടിപ്പിക്കുന്നു.

9. പോഷകാഹാരക്കുറവ്, ശിശുമരണ മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചരണ പരിപാടി ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്.

10. സമ്പൂർണ്ണ വൈദ്യുതീകരണത്തിൻറെ ഭാഗമായി എല്ലാ പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങളും വൈദ്യുതീകരിച്ചുവരുന്നു.

11. KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് വിവിധ ജില്ലകളിൽ എം.ആർ.എസ്സ്/ ഹോസ്റ്റലുകളുടെ നിർമ്മാണം നടത്തുന്നതിനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ 10 പ്രവർത്തികൾക്കായി 56.46 കോടി രൂപ കിഫ്ബി അനുവദിച്ചു നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.

12. **<u>ജില്ലകളിൽ പുതിയ 14 മൊബൈൽ മെഡിക്കൽ ക്ലിനിക്ക് :</u>**

ആധുനിക വൈദ്യ സൗകര്യം എല്ലാ പട്ടികവർഗ്ഗക്കാർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഡോക്ടറുടെയും പാരാമെഡിക്കൽ സേവനം ഉൾപ്പെടെ സംസ്ഥാനമൊട്ടാകെ എല്ലാ അധുനിക സൗകര്യങ്ങ ളോടുകൂടിയ 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചു.

13. **<u>ഗോത്രജീവിക:-</u>**

ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേട് ഒഴിവാക്കുന്നതിനും ചൂഷണം തടയുന്നതിനും പട്ടികവർഗ വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം, നൽകി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനുമായി ഗോത്രജീവിക പദ്ധതി നടപ്പിലാക്കി വരുന്നു.ആയതിൻ പ്രകാരം പട്ടികവർഗ്ഗ ഭവന നിർമ്മാണരംഗത്ത് പട്ടികവർഗ്ഗക്കാരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയിൽ ഇടനിലക്കാരുടെ ചൂഷണം ഫലപ്രദമായി തടയുന്നതിനുമായി ടി പദ്ധതി പ്രകാരം നിർമ്മാണ മേഖലയ്ക്ക് പ്രാമുഖ്യം നൽകുന്ന പരിശീലനങ്ങളാണ് നടപ്പിലാക്കുന്നത്.

ടി പദ്ധതി പ്രകാരം പട്ടികവർഗ യുവതി യുവാക്കൾക്ക്

| | | | |
|---|---|---|---|
| | | | കെട്ടിടപ്പണി, മരപ്പണി, കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണം, വയറിംഗ്, പ്ലംബിഗ് എന്നീ മേഖലയിൽ പരിശീലനം നൽകി ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിച്ച് നിർമ്മാണ പ്രവൃത്തികൾ ഏൽപ്പിക്കുന്നതു വഴി ആദിവാസികളുടെ വീട് നിർമ്മാണത്തിൽ പുറത്ത് നിന്നുള്ളവരുടെ ചൂഷണം തടയാൻ കഴിയുന്നതാണ്. ഇത്തരത്തിൽ വയനാട് , പാലക്കാട് ജില്ലയിലെ അട്ടപ്പാടി എന്നിവിടങ്ങളിൽ നിന്നും 1170 പേർക്ക് പരിശീലനം നൽകുകയും വയനാട് ജില്ലയിൽ 6 ഗ്രൂപ്പുകളും പാലക്കാട് ജില്ലയിൽ 3 ഗ്രൂപ്പുകളും പ്രവർത്തിക്കുന്നുണ്ട്..<br><br>**14. സമഗ്ര:-**<br>പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽ നിന്നും മോചിതരാക്കുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെ കൊഴിഞ്ഞു പോക്ക് തടയുന്നതിനും സാക്ഷരതാ മിഷൻ സമഗ്ര എന്ന പേരിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.<br>സമഗ്ര ആദിവാസി സാക്ഷരത – തുല്യതാ പരിപാടി നടത്തുന്നതിനുവേണ്ടി വിവിധ ജില്ലകളിൽ നിന്നും 100 പട്ടിക വർഗ്ഗ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഓരോ തുടർ വിദ്യാകേന്ദ്രത്തിലും സാക്ഷരതാ ക്ലാസിന് 20 പഠിതാക്കൾക്ക് ഓരോ ഇൻസ്ട്രക്ടർ മാരെയും 15 പേരടങ്ങുന്ന ഓരോ നാലാം തരം തുല്യതാക്ലാസിന് രണ്ട് വീതം ഇൻസ്ട്രക്ടർമാരെയും, പത്ത് പേരടങ്ങുന്ന ഓരോ ഏഴാംതരം തുല്യതാ ക്ലാസിനും മൂന്നു വീതം ഇൻസ്ട്രക്ടർമാരെയും നിയമിക്കുന്നതാണ്. ഇൻസ്ട്രക്ടർമാരെ തെരഞ്ഞെടുക്കുമ്പോൾ നിശ്ചിത യോഗ്യതയുള്ള ആദിവാസി വിഭാഗത്തിൽപ്പെട്ട - വർക്ക് മുൻഗണന നൽകി യാണ് പദ്ധതി നടപ്പിലാക്കുന്നത്.<br><br>**15. ഗോത്ര രശ്മി :-**<br><br>ഇടുക്കി ജില്ലയിലെ ആദിവാസി ഗോത്ര വിഭാഗങ്ങൾക്ക് ജിവിത നൈപുണ്യ വിദ്യാഭ്യാസ പദ്ധതിയിലൂടെ സമൂഹത്തിൽ അഭിമാനത്തോടും ആത്മവിശ്വാസത്തോടും ഭയരഹിതമായും ആരോഗ്യമുള്ളവരായും ജീവിക്കുന്നതിന് പ്രാപ്തിയുണ്ടാക്കുക എന്ന ലക്ഷ്യം വച്ച് അവരുടെ ആചാരനുഷ്ഠാനങ്ങൾ, ഉൽസവങ്ങൾ, സർഗ്ഗാത്മക പ്രവർത്തനങ്ങൾ ഇവയുടെ മതനിരപേക്ഷമായ ദർശനം ബോദ്ധ്യപ്പെടുത്തി ചൂഷണരഹിതമായ ഊരുകൾ സൃഷ്ടിക്കുന്നതിനായി 50 പട്ടികവർഗ്ഗ യുവതീയുവാക്കളെ തെരഞ്ഞെടുത്ത് പരിശീലന നേതൃത്വരംഗത്തേയ്ക്ക് കടന്നുവരുന്നതിന് . നേതൃത്വപരമായ പാടവം സൃഷ്ടിക്കുകയാണ് ഇതിലൂടെ ലക്ഷ്യംവെക്കുന്നത്. ഇപ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലും |

| | | | |
|---|---|---|---|
| | | | തീരുമാനമെടുക്കൽ പ്രക്രിയകളിലേക്കും വിവിധ ആദിവാസി ഗോത്രവിഭാഗങ്ങളിലെ യുവതീയുവാക്കളെ പങ്കാളികളാക്കാൻ സാധിക്കും. കൂടാതെ ഇടുക്കി ജില്ലയിലെ ആദിവാസി ഗോത്രവിഭാഗങ്ങളെക്കുറിച്ചുള്ള അന്വേഷണം, പഠനം, വിവരശേഖരണം, പരിശീലനം എന്നിവയിലൂടെ ഗോത്രസംസ്കൃതിയുടെ ജൈവമണ്ഡലങ്ങളെക്കുറിച്ചുള്ള ദാർശനികമായ ഉൾക്കാഴ്ച നേടുന്നതിനും, പൊതുസമൂഹത്തിന്റെ നിലനിൽപിന് ആദിവാസി ഗോത്രവിഭാഗങ്ങൾ വഹിക്കുന്ന ജൈവപരമായ പങ്ക് അവർതന്നെ ഗവേഷണത്തിനു വിധേയമായി ഒരു പഠനരേഖ പ്രസിദ്ധീകരിക്കുന്നതിനും, ആദിവാസി മേഖലകളെ സ്ത്രീ സൗഹൃദ ഊരുകളാക്കുന്നതിനും. സ്വയം തൊഴിൽ പരിശീലനത്തിലൂടെ അനുബന്ധ വരുമാന മാർഗ്ഗമുണ്ടാക്കുന്നതിനും ഗോത്ര രശ്മി പദ്ധതി ഉതകുന്നതാണ്.<br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം, പിന്നോക്ക സമുദായ ക്ഷേമത്തിനായി പുതിയ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. |
| (സി) | സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് പൊതുവെ ലഭിക്കുന്ന ആനുകൂല്യ-ങ്ങൾ എന്തെല്ലാമാണെന്നും ഈ ആനുകൂല്യങ്ങൾ ലഭ്യമാകാനുള്ള നടപടിക്രമങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ; | (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും നടപടിക്രമങ്ങളും അനുബന്ധം I ആയി ചേർക്കുന്നു.<br>പട്ടികവർഗ്ഗ ക്കാർക്കായുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരം അനുബന്ധം II ൽ ചേർക്കുന്നു. |
| (ഡി) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിനായും വിദേശ രാജ്യങ്ങളിൽ പഠനം നടത്തുന്നതിനായും എന്തെല്ലാം സഹായങ്ങൾ ആണ് നല്കി വരുന്നത് എന്ന് വ്യക്തമാക്കാമോ; | (ഡി) | 1. വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവയിൽ മെറിറ്റിലോ റിസർവേഷനിലോ, അഡ്മിഷൻ നേടുന്നവർക്ക് സർക്കാർ അംഗീകരിച്ച നിരക്കിൽ ഫീസ് ആനുകൂല്യം നൽകുന്നതോടൊപ്പം ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവയും നൽകുന്നു.<br>2. എഞ്ചിനീയറിംഗ് / മെഡിക്കൽ പ്രവേശനം ലഭിച്ചവർക്ക് പ്രാഥമിക ചെലവുകൾക്ക് യഥാക്രമം 10,000/-, 5,000/- രൂപ എന്നിങ്ങനെ തുക അനുവദിച്ചുവരുന്നു.<br>3. വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്ന വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്നു.<br>4. ഒന്നാം വർഷ MBBS, BAMS, BHMS |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികൾക്ക് സൗജന്യമായി സ്റ്റെതസ്കോപ്പ് നൽകി വരുന്നു.<br><br>5. ബിരുദ / ബിരുദാനന്തര / ബിരുദകലാകോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠന / പരിശീലന ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകി വരുന്നു.<br><br>6. പോസ്റ്റ് മെട്രിക് തലത്തിൽ കേരളത്തിനകത്തും പുറത്തും അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന ഇ-ഗ്രാന്റ്സിന് അർഹതയില്ലാത്തവർക്ക് കേന്ദ്രസർക്കാർ സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു.<br><br>7. സർക്കാർ, സർക്കാർഅംഗീകൃത സ്ഥാപനങ്ങളിൽ ഈവനിംഗ് കോഴ്സ്, യൂണിവേഴ്സിറ്റികളുടെ കറസ്പോണ്ടൻസ് കോഴ്സ് എന്നിവയിൽ പഠനം നടത്തുന്നവർക്ക് കോഴ്സ് ഫീസ് അനുവദിക്കുന്നു.<br><br>8. കേരളത്തിൽ ഇല്ലാത്ത കോഴ്സുകൾക്ക് സംസ്ഥാനത്തിനുപുറത്ത് പഠനം നടത്തുന്നവർക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നു.<br><br>9. വിദേശത്ത് പഠനം നടത്തുന്നതിന് നിലവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി അർഹത പരിശോധിച്ച് ആനുകൂല്യം അനുവദിച്ചുവരുന്നു. |
| (ഇ) | ഈ ഇനത്തിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾ സംസ്ഥാനത്തുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ? | (ഇ) | വിദേശ രാജ്യങ്ങളിൽ ഉന്നത പഠനം നടത്തുന്ന 2 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ ഉണ്ട്.<br><br>വയനാട് ജില്ല-1<br><br>കാസർഗോഡ് ജില്ല -1<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട 12 പേർ ഇപ്പോൾ സർക്കാർ സഹായത്തോടെ വിദേശ പഠനം നടത്തിവരികയാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം – I

### പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും നടപടി ക്രമങ്ങളും

| ക്രമ നം | ആനുകൂല്യങ്ങൾ | നടപടി ക്രമങ്ങൾ |
|---|---|---|
| 1 | **വിദ്യാഭ്യാസ പരിപാടികൾ** | |
| 1.a) | പ്രീ മെട്രിക് വിദ്യാഭ്യാസം (10-ാം ക്ലാസ്സുവരെ) | അദ്ധ്യയന വർഷം ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ സ്കൂൾ പ്രധാനാദ്ധ്യാപകർ മുഖേന ലംപ്സംഗ്രാന്റ്/ സ്റ്റൈപ്പന്റ് / പ്രീ മെട്രിക് സ്കോളർഷിപ്പ് നൽകുന്നു |
| b) | വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്ക് ജാതി, വരുമാന പരിധികൾ കൂടാതെ ധനസഹായം | വില്ലേജ് ഓഫീസിൽ നിന്നോ, ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിയിൽ നിന്നോ ഉള്ള സർട്ടിഫിക്കറ്റ് സഹിതം സ്കൂൾ മേധാവികൾ വഴി അപേക്ഷിക്കണം. |
| c) | അൺഎയിഡഡ് സ്കൂളുകളിൽ പഠിയ്ക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ് | ഡി.ഇ.ഒ/എ.ഇ.ഒ മുഖേന വിദ്യാർത്ഥികളുടെ ക്ലാസ് തിരിച്ചുള്ള ലിസ്റ്റ് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്ക് ലഭ്യമാക്കണം. |
| d) | അഞ്ചാം ക്ലാസ്സു മുതൽ ബോർഡിംഗ് സ്കൂളിൽ പഠിയ്ക്കുന്നതിന് സൗകര്യം | നാലാം ക്ലാസ് പരീക്ഷയിൽ ലഭിച്ച ഗ്രേഡ് സഹിതം ജില്ലാ പഞ്ചായത്ത് സെക്രട്ടറി/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറി എന്നിവർക്ക് അപേക്ഷ നൽകണം. |
| e) | അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് | ജാതി, വരുമാന, ഗ്രേഡ് സർട്ടിഫിക്കറ്റുകൾ സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ നൽകണം. |
| f) | മോഡൽ റസിഡൻഷ്യൽ സ്കൂൾ (അഞ്ചാം ക്ലാസ്സു മുതൽ) | സംസ്ഥാനതലത്തിൽ മത്സര പരീക്ഷയിൽ മാർക്കിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു. ജാതി, വരുമാനം, നിലവിൽ പഠിയ്ക്കുന്ന സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം സഹിതം അപേക്ഷിക്കാം. |
| g) | പ്രീ മെട്രിക് ഹോസ്റ്റലുകൾ (അഞ്ചാം ക്ലാസ്സു മുതൽ) | ജാതി, വരുമാനം, സ്കൂൾ വാർഷിക പരീക്ഷയിലെ ഗ്രേഡ് സർട്ടിഫിക്കറ്റ് സഹിതം പഞ്ചായത്ത്/ മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിയ്ക്കോ, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്കോ അപേക്ഷ നൽകാം. |
| 2. | പ്രൈമറി എഡ്യുക്കേഷൻ എയിഡ് - ഒന്നു മുതൽ നാല് വരെ ക്ലാസ്സുകളിൽ സർക്കാർ, എയിഡഡ് സ്കൂളികളിൽ പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് പഠന പ്രോത്സാഹനത്തിന് 2000/- രൂപ നൽകുന്നു. | അദ്ധ്യയന വർഷം ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ സ്കൂൾ പ്രധാനാദ്ധ്യാപകർ മുഖേന ലംപ്സംഗ്രാന്റ്/ സ്റ്റൈപ്പന്റ് / പ്രീ മെട്രിക് സ്കോളർഷിപ്പ് നൽകുന്നു. |
| 3. | **പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം** | |
| a) | പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് | ഓൺലൈൻ പോർട്ടൽ ഇ-ഗ്രാന്റ്സ് മുഖേന ഓൺലൈൻ ആയി അപേക്ഷിക്കാം. ബന്ധപ്പെട്ട രേഖകളുടെ ഹാർഡ് കോപ്പി സ്ഥാപന മേധാവി മുഖേന ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം. |
| b) | പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ഭക്ഷണത്തിനായി പ്രതിമാസം ഒരാൾക്ക് 2875/- രൂപയും പോക്കറ്റ് മണിയായി 190/- രൂപയും അനുവദിക്കുന്നു. | ജാതി, വരുമാനം, ഗ്രേഡ് സർട്ടിഫിക്കറ്റ് സഹിതം പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിയ്ക്കോ, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്കോ അപേക്ഷ നൽകാം. |
| c) | ബോർഡിംഗ് ഗ്രാന്റ് അംഗീകൃത ഹോസ്റ്റൽ ലഭ്യമല്ലാത്തവർക്ക് ബോർഡിംഗ് ഗ്രാന്റായി പ്രതിമാസം 1500/- രൂപ നൽകുന്നു. | സ്ഥാപന മേധാവിയിൽ നിന്നും ഹോസ്റ്റൽ സൗകര്യം സ്ഥാപനത്തിൽ ഇല്ലാ എന്ന സാക്ഷ്യപത്രം സഹിതം അപേക്ഷ സമർപ്പിക്കാം. |
| d) | പ്രത്യേക പ്രോത്സാഹന സമ്മാനം വിവിധ വാർഷിക പരീക്ഷകളിൽ ഉന്നത വിജയം നേടിയ SSLC, +2, TTC, Diploma, Degree, PG, Other Professional Courses കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്. | ജാതി സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റുകളുടെ പകർപ്പ് സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക അപേക്ഷ നൽകണം. |

| | | |
|---|---|---|
| e) | മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം | ജാതി, വരുമാന സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റുകളുടെ പകർപ്പ് സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ നൽകണം. |
| f) | സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകളിൽ പഠിയ്ക്കുന്നവർക്ക് ആനുകൂല്യം | ഓൺലൈൻ പോർട്ടൽ ഇ-ഗ്രാന്റ്സ് മുഖേന ഓൺ ലൈൻ ആയി അപേക്ഷിക്കാം. ബന്ധപ്പെട്ട രേഖകളുടെ ഹാർഡ് കോപ്പി സ്ഥാപന മേധാവി മുഖേന ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം. |
| g) | എൻജിനീയറിംഗ്/മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാന്റ് | ജാതി, വരുമാന സർട്ടിഫിക്കറ്റ്, അഡ്മിഷൻ രേഖകൾ സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ നൽകണം. |
| h) | അപ്ഗ്രഡേഷൻ ഓഫ് മെരിറ്റ് തെരഞ്ഞെടുത്ത സ്കൂളുകളിലെ 9 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം | തെരഞ്ഞെടുത്ത സ്കൂളുകളിലെ പ്രധാന അദ്ധ്യാപകൻ മുഖേന തുക അനുവദിക്കുന്നു |
| i) | GOI സ്കോളർഷിപ്പ് | സ്ഥാപനത്തിൽ നിന്നും വിവരം ശേഖരിച്ച് മെരിറ്റിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നു. |
| j) | ലാപ്ടോപ് വാങ്ങുന്നതിന് ധനസഹായം | സ്ഥാപനത്തിൽ നിന്നും വിവരം ശേഖരിച്ച് മെരിറ്റിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നു. |
| k) | സ്റ്റെതസ്കോപ്പ് വിതരണം | സ്ഥാപനത്തിൽ നിന്നും വിവരം ശേഖരിച്ച് മെരിറ്റിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നു. |
| l) | ബിരുദ/ബിരുദാനന്തര കലാ കോഴ്സുകൾക്ക് പഠന /പരിശീലന ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം | പഠനം നടത്തുന്ന സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കുന്ന കുട്ടികളുടെയും, ഉപകരണങ്ങളുടെയും ലിസ്റ്റ് അനുസരിച്ച് തുക അനുവദിക്കുന്നു. |
| m) | ഈവനിംഗ് കോഴ്സ് പഠിയ്ക്കുന്നവർക്ക് ധനസഹായം | ജാതി, വരുമാന സർട്ടിഫിക്കറ്റ്, വിദ്യാഭ്യാസ യോഗ്യത സർട്ടിഫിക്കറ്റ് സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ നൽകണം. അർഹത പരിശോധിച്ച് സ്ഥാപനം മുഖേന ഗുണഭോക്താവിന്റെ അക്കൗണ്ടിൽ തുക അനുവദിക്കുന്നു. |
| n) | വിദൂര വിദ്യാഭ്യാസത്തിനുള്ള സഹായം | ജാതി, വരുമാന സർട്ടിഫിക്കറ്റ്, വിദ്യാഭ്യാസ യോഗ്യത സർട്ടിഫിക്കറ്റ് സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ നൽകണം. അർഹത പരിശോധിച്ച് സ്ഥാപനം മുഖേന ഗുണഭോക്താവിന്റെ അക്കൗണ്ടിൽ തുക അനുവദിക്കുന്നു. |
| o) | സംസ്ഥാനത്തിനു പുറത്ത് പഠനം നടത്തുന്നവർക്കുള്ള ആനുകൂല്യം | അപേക്ഷ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ സഹിതം സ്ഥാപന മേധാവി മുഖേന ഡയറക്ടറേറ്റിൽ സമർപ്പിക്കണം. |
| p) | ഭാരതത്തിനു വെളിയിൽ പഠിയ്ക്കുന്നവർക്ക് ധനസഹായം | ജാതി, വരുമാന സർട്ടിഫിക്കറ്റ് സഹിതം ഡയറക്ടർക്ക് അപേക്ഷ നൽകണം. വിദേശ യൂണിവേഴ്സിറ്റിയുടെ അംഗീകാരം പരിശോധിച്ച് യൂണിവേഴ്സിറ്റിയുടെ ശുപാർശ സഹിതം സർക്കാർ നിരക്കിൽ ആനുകൂല്യം അനുവദിക്കുന്നു. |
| q) | പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം | അപേക്ഷ ജാതി, വരുമാന, വിദ്യാഭ്യാസ യോഗ്യത സർട്ടിഫിക്കറ്റുകൾ, സർക്കാർ എയിഡഡ് സ്ഥാപനങ്ങളിൽ അപേക്ഷിച്ചിട്ടും അഡ്മിഷൻ ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം സഹിതം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം. |
| r) | ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ<br>സാങ്കേതികവും, തൊഴിൽ അധിഷ്ഠിതവുമായ പരിശീലനം നൽകുന്നതിന് 44 ഐ.റ്റി.ഐ കളിലായി 11 ട്രേഡുകൾ പ്രവർത്തിക്കുന്നു. ഫ്രീസ് സൗജന്യം, യൂണിഫോം അലവൻസ്, ഉച്ചഭക്ഷണം, പോഷകാഹാര പദ്ധതി, വർക്ഷോപ്പ് ഡ്രസ് തയ്യൽകൂലി, ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, സ്റ്റഡി ടൂർ അലവൻസ്, ടൂൾകിറ്റ്, അപ്രന്റിസ് പരിശീലനം, തൊഴിൽമേള വഴി പ്ലെയിസ്മെന്റ് | അതാത് ഐ.ടി.ഐ കൾ കേന്ദ്രീകരിച്ച് അപേക്ഷ സ്വീകരിച്ച് മെരിറ്റ് അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് പ്രകാരം പ്രവേശനം നൽകുന്നു. |

| | | |
|---|---|---|
| s) | കമ്യൂണിറ്റി കോളേജ് വടക്കാഞ്ചേരി, പാലക്കാട് - സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ പ്രിസിഷൻ മെഷ്യനിസ്റ്റ് | എസ്.എസ്.എൽ.സി, +2 പാസ്സായവ പ്രവേശന പരീക്ഷ യിലൂടെ തെരഞ്ഞെടുക്കുന്നു. |
| t) | പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ | പത്രപരസ്യത്തിലൂടെ പരിശീലനാർത്ഥികളെ തെരഞ്ഞെ ടുക്കുന്നു. |
| u) | പാരാമെഡിക്കൽ സ്ഥാപനങ്ങൾ | സ്ഥാപനം മുഖേന തെരഞ്ഞെടുക്കുന്നു. |
| v) | ബുക്ക് ബാങ്ക് പദ്ധതി | അപേക്ഷ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, കോഴ്സ് വിവരം എന്നിവ സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം. |
| w) | പഠനയാത്രാ പര്യടന പദ്ധതി | സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയ അപേക്ഷകൾ ജില്ലാ ഓഫീസിൽ സമർപ്പിക്കണം. |
| x) | പാലക്കാട് മെഡിക്കൽ കോളേജ് | മെരിറ്റിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. |
| **II** | **സാമ്പത്തിക വികസന പദ്ധതികൾ** | |
| a) | സ്വയം തൊഴിൽ പദ്ധതി<br>വ്യക്തികൾക്ക് 3 ലക്ഷം വരെയുള്ള വായ്പ കൾക്കും ഗ്രൂപ്പുകൾക്ക് 10.00 ലക്ഷം വരെയുള്ള വായ്പകൾക്കും വായ്പ തുക യുടെ 1/3 സബ്സിഡി | ബന്ധപ്പെട്ട രേഖകൾ സഹിതം പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം. |
| 2. | അഭിഭാഷക ധനസഹായ പദ്ധതി<br>(എൻറോൾമെന്റ് ഫീസ്, ആദ്യ മൂന്നു വർഷ ങ്ങളിൽ വസ്ത്രം വാങ്ങുന്നതിനും, പുസ്തകം വാങ്ങുന്നതിനും , മുറി വാടക യിനത്തിലും) | നിശ്ചിത മാതൃകയിലുള്ള അപേക്ഷ, ജാതി സർട്ടിഫിക്കറ്റ്, എൽ.എൽ.ബി സർട്ടിഫിക്കറ്റ്, ബാർ കൗൺസിൽ എൻറോൾമെന്റ് സാക്ഷ്യപത്രം, സീനിയർ അഭിഭാഷ കന്റെ സാക്ഷ്യപത്രം സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം. |
| 3. | വായ്പ എഴുതി തള്ളൽ പദ്ധതി<br>(കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹക രണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31-03-2010 ന് തിരിച്ചടവ് പൂർത്തിയായതുമായ വായ്പ കൾ ഒരു ലക്ഷം രൂപവരെ) | അതാത് സ്ഥാപനങ്ങളിൽ അപേക്ഷ സമർപ്പിക്കണം |
| 4. | സ്വയം പര്യാപ്ത ഗ്രാമം/<br>അംബേദ്കർ ഗ്രാമം പദ്ധതി | എം.എൽ.എ മാർ തെരഞ്ഞെടുക്കുന്ന കോളനികളിൽ എം.എൽ.എ മാർ ശുപാർശ ചെയ്യുന്ന ഏജൻസികൾ മുഖേന കോളനിക്കാരുടെ യോഗം ചേർന്ന് എസ്റ്റിമേറ്റ് തയ്യാറാക്കി എഗ്രിമെന്റ് വെച്ച് പ്രവർത്തികൾ നിർവ്വഹി ക്കുന്നു. |
| **III** | **സാമൂഹ്യ ക്ഷേമ പരിപാടികൾ** | |
| 1. | വിവാഹധനസഹായം-<br>പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടി കൾക്ക് 75000/- രൂപ വിവാഹധനസഹായ മായി നൽകുന്നു. | ജാതി, വരുമാന സർട്ടിഫിക്കറ്റ്, പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വിവാഹ ക്ഷണക്കത്ത്, സമുദായ സംഘടന സാക്ഷ്യപത്രം എന്നിവ സഹിതം പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം. |
| 2. | മിശ്ര വിവാഹ ധനസഹായം-<br>സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനും 75,000/- രൂപ ധനസഹായം അനുവദിക്കു ന്നു. | ഭാര്യാഭർത്താക്കന്മാരുടെ ജാതി സർട്ടിഫിക്കറ്റുകൾ, വരുമാന സഹവാസ വിവാഹ സർട്ടിഫിക്കറ്റുകൾ സഹിതം പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം. |
| 3. | ഭൂരഹിത പുനരധിവാസ പദ്ധതി<br>ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഗ്രാമപ്രദേ ശത്ത് 5 സെന്റ് ഭൂമിയും, മുൻസി പ്പൽ/കോർപ്പറേഷൻ പ്രദേശത്ത് 3 സെന്റ് ഭൂമിയും വാങ്ങുന്നതിന് യഥാക്രമം 375000/, 450000/, 600000/- രൂപ ഗ്രാന്റായി നൽകുന്നു. | ഗ്രാമസഭാ/വാർഡ് സഭ ലിസ്റ്റ് ലഭിക്കാത്ത സ്ഥലങ്ങളിൽ പത്ര പരസ്യം മുഖേന തെരഞ്ഞെടുക്കുന്നു. |

| | | |
|---|---|---|
| 4. | ഭവനനിർമ്മാണ പദ്ധതി<br>സ്വന്തമായി ഭൂമിയുള്ള വാസയോഗ്യമായ വീടില്ലാത്ത ഗുണഭോക്താക്കൾക്ക് 4 ലക്ഷം രൂപ ധനസഹായം നൽകുന്നു. | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു. നിശ്ചിത അപേക്ഷയോടൊപ്പം, ജാതി, വരുമാനം, കൈവശവകാശരേഖ, തിരിച്ചറിയൽ രേഖകൾ ഇതേ ആവശ്യത്തിന് സർക്കാർ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം എന്നിവ സഹിതം പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം. |
| 5. | ദുർബ്ബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി | ജാതി, വരുമാനം, ഭൂമിയില്ലെന്ന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം എന്നിവ സഹിതം പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം. |
| 6. | ചികിത്സാ ധനസഹായം<br>മാരകരോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരും 50000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരുമായവർക്ക് 50,000/- രൂപവരെ അനുവദിക്കുന്നു. ഹൃദയ ശസ്ത്രക്രിയ , ക്യാൻസർ, ഹീമോഫീലിയ ബാധിതർക്ക് 100000/- രൂപ നൽകുന്നു. | നിശ്ചിത അപേക്ഷ, ജാതി, വരുമാന സർട്ടിഫിക്കറ്റ്, ചികിത്സിക്കുന്ന ഡോക്ടറുടെ നിശ്ചിത ഫാറത്തിലുള്ള സാക്ഷ്യപത്രം എന്നിവ സഹിതം പട്ടികജാതി വികസന ഓഫീസർക്കോ വകുപ്പു മന്ത്രിയ്ക്കോ അപേക്ഷ സമർപ്പിക്കണം. |
| 7. | വിദേശ തൊഴിൽ ധനസഹായം<br>പട്ടികജാതി യുവജനങ്ങൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള യാത്രാ സംബന്ധമായ ചെലവുകൾക്ക് 100000/- രൂപ ധനസഹായം നൽകുന്നു. | ഇന്ത്യൻ പാസ്പോർട്ട് ബാങ്ക് അക്കൗണ്ട് രേഖകൾ, വിദേശ തൊഴിൽ ദാതാവിൽ നിന്നും ലഭിച്ച തൊഴിൽ കരാർ പത്രം, വിസ എന്നിവ സഹിതം പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ നൽകാം. |
| 8. | സ്വാശ്രയ ഗ്രൂപ്പുകൾക്ക് ധനസഹായം<br>പട്ടികജാതിക്കാർ അംഗങ്ങളായ സ്വാശ്രയ സംഘങ്ങൾക്ക് പ്രോജക്ട് തുകയുടെ 75% തുക (പരാവധി 10.00 ലക്ഷം രൂപ) സ്വയം തൊഴിൽ ധനസഹായമായി നൽകുന്നു. | സംഘത്തിന്റെ രജിസ്ട്രേഷൻ രേഖകൾ, പ്രോജക്ട് റിപ്പോർട്ട് സംഘാംഗങ്ങളുടെ ജാതി സർട്ടിഫിക്കറ്റുകൾ, ബാങ്ക് അക്കൗണ്ട് രേഖകൾ എന്നിവ സഹിതം പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം. |

സെക്ഷൻ ഓഫീസർ

# പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന വിവിധ വികസന പദ്ധതികൾ (അനുബന്ധം) - III

| ക്രമ നം | പദ്ധതികൾ |
|---|---|
| എ | സംസ്ഥാന പദ്ധതികൾ |
| 1 | വിദ്യാർത്ഥികൾക്ക് പ്രോത്സാഹനവും സഹായവും |
| | (1) സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം |
| | (2) അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി |
| | (3) സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് പഠന യാത്രയ്ക്കുള്ള സഹായം |
| | (4) അനാഥരായ കുട്ടികൾക്കുള്ള സഹായം |
| | (5) വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം |
| 2 | പട്ടികവർഗ്ഗ ക്ഷേമ സ്ഥാപനങ്ങൾക്കുള്ള സഹായം |
| 3 | വിദ്യാഭ്യാസ വിവര വിനിമയ പദ്ധതി (ഐ.ഇ.സി) |
| 4 | ഭവന നിർമ്മാണം |
| 5 | പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ (കോർപ്പസ് ഫണ്ട്) |
| 6 | അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി. (പുതുക്കിയ എ.റ്റി.എസ്.പി ഫണ്ട്/ പ്രത്യേക പാക്കേജ്) |
| | അടിസ്ഥാന സൗകര്യങ്ങൾ |
| | എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിലിനുള്ള വേതനം. |
| | ആരോഗ്യം |
| | 2013-14 മുതൽ വകുപ്പ് നടപ്പിലാക്കിയിരുന്ന ഹാംലെറ്റ് ഡെവലപ്മെന്റ് സ്കീമിന്റെ സ്പിൽഓവർ പണികൾക്കുള്ള തുക ഈ പദ്ധതിയിൽ നിന്ന് ചെലവാക്കുന്നതാണ്. |
| | പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി |
| 7 | ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം (റ്റി.ആർ.ഡി.എം) |
| 8 | പൂൾഡ് ഫണ്ട് - പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുന്നതും മറ്റ് വകുപ്പുകൾ നിർദ്ദേശിച്ചിട്ടുള്ളതുമായ പ്രത്യേക പ്രോജക്റ്റുകൾക്കായുള്ള ഫണ്ട് |
| 9 | എ). മാതൃകാ റസിഡൻഷ്യൽ സ്കൂളുകൾ നടത്തുന്നതിനുള്ള ചെലവുകൾ. |
| 10 | പട്ടികവർഗ്ഗ വിഭാഗത്തിന്റെ വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തൽ |
| | *പ്രാക്തനാ ഗോത്രവർഗ്ഗക്കാർക്ക് പെരിപ്പറ്ററ്റിക് വിദ്യാഭ്യാസം* |
| | *വിദ്യാർത്ഥികൾക്കായുള്ള ട്യൂട്ടോറിയൽ പദ്ധതി* |
| | *ഗോത്ര സാരഥി* |
| | *സാമൂഹിക പഠനമുറി ആദിവാസി സങ്കേതങ്ങളിൽ സാമൂഹ്യ പഠനമുറി ( പുതിയ ഘടകം)* |

| | |
|---|---|
| 11 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ |
| | പ്രീമെട്രിക് ഹോസ്റ്റലുകളുടെയും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ |
| 12 | [illegible] |
| | [illegible] |
| 13 | [illegible] |
| 14 | പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യവികസന പരിശീലനത്തിനുമുള്ള സഹായം |
| 15 | ട്രൈബൽ പ്രൊമോട്ടർമാർക്കുള്ള ഓണറേറിയം |
| | 1. ട്രൈബൽ പ്രൊമോട്ടർമാർ |
| | 2. ഊരുകൂട്ടങ്ങളുടെ സംഘാടനം |
| | 3. മാനേജ്മെന്റ് ട്രെയിനികൾക്കും ഹെൽത്ത് മാനേജ്മെന്റ് ട്രെയിനികൾക്കുമുള്ള ഓണറേറിയം |
| | 4. ഹോസ്റ്റലുകളിലും എം.ആർ.എസുകളിലും ഉള്ള കൗൺസിലർമാർക്ക് ഓണറേറിയം. |
| | 5. പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി സാമൂഹ്യ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തൽ. |
| | ഗോത്രബന്ധു-പ്രൈമറി സ്കൂളുകളിൽ ഗോത്ര വിഭാഗ അധ്യാപകരുടെ സേവനം |
| 16 | പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള സഹായം |
| | 1. പട്ടികവർഗ്ഗ യുവതികളുടെ വിവാഹ ധനസഹായം |
| | 2. സിക്കിൾ-സെൽ അനീമിയ രോഗികൾക്കുള്ള സഹായം |
| | 3. ജനനി ജന്മരക്ഷ |
| | 4. പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യന്മാർക്കുള്ള സാമ്പത്തിക സഹായം |
| | 5. പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് എൻഡോവ്മെന്റ് പരിപാടി (ഗോത്ര വാത്സല്യ നിധി) |
| 17 | 1. അടിയൻ, പണിയൻ, പ്രാക്തനാഗോത്രവർഗ്ഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി |
| | 1. അടിയൻ, പണിയൻ,പ്രാക്തനാഗോത്രവർഗ്ഗ വിഭാഗം |
| | വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനം. |
| | അഗതി മന്ദിരം |
| 18 | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നവീകരണം |
| 19 | 1999-ലെ ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുന:സ്ഥാപിച്ച് നൽകലും നിയമം നടപ്പാ ക്കലും. |
| 20 | ആദികലാഗ്രാമം |
| | പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഒരുകുടക്കീഴിൽ വരുന്ന പദ്ധതികൾ (50 ശതമാനം സംസ്ഥാന വിഹിതം) |

| | |
|---|---|
| 21 | എ. പട്ടികവർഗ്ഗ മേഖലയിൽ മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെയും, ആശ്രമം സ്കൂളുക ളുടെയും നിർമ്മാണം (50 ശതമാനം സംസ്ഥാന വിഹിതം) |
| | ബി. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (സംസ്ഥാന വിഹിതം 50 ശതമാനം) |
| 22 | കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്) ധനസഹായം (സംസ്ഥാന വിഹിതം 50 ശതമാനം) |
| 23 | ഇ. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം-റ്റി.എ സ്.പി (51 ശതമാനം സംസ്ഥാന വിഹിതം) |
| 24 | സി. അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (സംസ്ഥാന വിഹിതം 50 ശതമാനം) |
| 25 | പട്ടികവർഗ്ഗ ഉപപദ്ധതി-തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ |
| 26 | ഗ്രാമവികസന പരിപാടികൾ |
| | 1. പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ( പി. എം. എ. വൈ) |
| | 2. എൻ.ആർ.എൽ.എം (ദേശീയ ഗ്രാമീണ ഉപജീവന മിഷ) ( 60 ശതമാനം കേന്ദ്ര വിഹിതം) |
| | 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾ |
| 26 | പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം |
| 27 | പട്ടികവർഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ:- |
| 28 | 9-ാംക്ലാസ്സിലും 10-ാം ക്ലാസ്സിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ (100 ശതമാനം കേന്ദ്ര സഹായ പദ്ധതി) |
| 29 | പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (100 ശതമാനം കേന്ദ്ര സഹായം ) |
| 30 | മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിട നിർമ്മാണം (100% കേന്ദ്ര സഹായം ആർട്ടിക്കിൾ 275(1) പ്രകാരം ) :- |
| 31 | ആർട്ടിക്കിൾ 275(1) പ്രകാരം പട്ടികവർഗ്ഗക്കാരുടെയും മറ്റു പരമ്പരാഗതമായി വനത്തിൽ വസിക്കുന്നവരുടെയും നിയമം(2006)നടപ്പാക്കൽ (വനാവകാശ നിയമം അംഗീകരിക്കൽ ) |
| 32 | പട്ടികവർഗ വിദ്യാർത്ഥികൾക്കുള്ള തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനം :- |
| 33 | പട്ടികവർഗ്ഗക്കാർക്കുവേണ്ടി വിവിധ സൗകര്യങ്ങളോടുകൂടിയ ഹോസ്റ്റലുകൾ |
| 34 | പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള സംരക്ഷണവും വികസനവും ചേർന്നുള്ള പദ്ധതി (സി.സി.ഡി പദ്ധതി). |
| 35 | കിർത്താഡ്സിന് പശ്ചാത്തല സൗകര്യമൊരുക്കൽ |
| 36 | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന് ധനസഹായം |

| | |
|---|---|
| 37 | പട്ടികവർഗ വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ :- |
| 38 | വനബന്ധു കല്യാൺ യോജന |
| | 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾ |
| 39 | ഗ്രാമവികസന പരിപാടികൾ |
| | 1. പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ( പി. എം. എ. വൈ) |
| | 2. എൻ.ആർ.എൽ.എം (ദേശീയ ഗ്രാമീണ ഉപജീവന മിഷ) ( 60 ശതമാനം കേന്ദ്ര വിഹിതം) |
| 40 | പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഒരുകുടകീഴിൽ വരുന്ന പദ്ധതികൾ (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) |
| | എ. പട്ടികവർഗ്ഗ മേഖലയിൽ മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെയും, ആശ്രമം സ്കൂളുക ളുടെയും നിർമ്മാണം (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) |
| | ബി. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം ((50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) |
| 41 | കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്) ധനസഹായം (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) |
| 42 | ഇ. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം-റ്റി.എ സ്.പി(49 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം)) |
| 43 | സി. അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) |

സെക്ഷൻ ഓഫീസർ